**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2629** | **12-10-2021 - ൽ മറുപടിയ്ക്ക്**

**കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കൊരട്ടി ത്വക്ക് രോഗാശുപത്രിയിലെ പേഷ്യൻസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ആർ 678)യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | (എ) | 1)ഗവൺമെന്റ് ലെപ്രസി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത് താമസിക്കുന്ന അംഗങ്ങളുടെ ക്ഷേമവും മിതത്വവും, സഹകരണം, സ്വാശ്രയശീലം, സഹോദരത്വം എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രായോഗികമാക്കി തീർക്കുക. 2) സംഘം നടത്തി വരുന്ന കൃഷി, കൈതൊഴിൽ, ക്ഷീര വ്യവസായം, കോഴി വളർത്തൽ മുതലായവ അഭിവൃദ്ധിപ്പെടുത്തുക. 3) അംഗങ്ങൾക്ക് ആവശ്യമുള്ള സാധനങ്ങൾ സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം നടത്തുക. ഇതിനായി പ്രൊവിഷ്യൻസ് സ്റ്റോർ, ക്യാന്റീൻ, ഫ്രൂട്ട്സ്റ്റാൾ തുടങ്ങിയവ നടത്തുക. സംഘം പ്രവർത്തനങ്ങൾക്കായി സ്ഥലമോ, കെട്ടിടമോ, വാഹനങ്ങളോ വിലയ്ക്കോ കൂലിക്കോ എടുക്കുക. 4) അംഗങ്ങളുടെ ക്ഷേമത്തിന് ആവശ്യമായതും, ആശുപത്രിയ്ക്കകത്തോ പുറത്തോ സാധിക്കുന്നതു മായ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുക. 5)പ്രവർത്തന പരിധിക്കുള്ളിലെ ഡയറ്റ് മെയിന്റനൻസ് തുടങ്ങിയ എല്ലാ കോൺട്രാക്ടുകളും എടുത്ത് നടത്തുക. 6) വളം, കീടനാശിനി മുതലായവയുടെ ഏജൻസി എടുത്ത് നടത്തുക. 7)ചിട്ടി, പണയം തുടങ്ങിയ ബാങ്കിംഗ് നടപടികൾ സ്വീകരിക്കുക 8)സംഘത്തിനാവശ്യമായ അംഗങ്ങളുടേയും മറ്റുള്ളവരുടേയും പക്കൽ നിന്ന് ദ്രവ്യം കടം വാങ്ങിക്കുക. 9)അംഗങ്ങളുടെ ഒഴിച്ചു കൂടാനാവാത്ത ആവശ്യങ്ങൾക്കു വേണ്ടിയും പ്രവർത്തന പരിധിയിലുള്ള അംഗങ്ങളുടെ ഇതര സ്ഥാപനങ്ങൾക്കു വേണ്ടിയും കമ്മിറ്റി നിശ്ചയിക്കുന്ന തോതിലും രീതിയിലും പൊതുവെ സഹായം നൽകുക. |
| (ബി) | ഈ സംഘത്തിൽ ഏത് വർഷം വരെ നിയമാനുസൃതം പൊതുയോഗം കൂടി വരവ് ചെലവ് കണക്ക് അംഗീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (ബി) | പൊതുയോഗം കൂടിയത് സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ലഭ്യമല്ല എന്ന് പ്രാഥമിക അന്വേഷണം നടത്തി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. |
| (സി) | ഈ സംഘത്തിൽ ഏതു വർഷം വരെയുള്ള | (സി) | 2019-20 വർഷം വരെയുള്ള സഹകരണ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | സഹകരണ വകുപ്പിന്റെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്; | | ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | നിയമാനുസൃതം വാർഷിക പൊതുയോഗം കൂടാത്തതിന് ഈ സംഘത്തിനെതിരെ സഹകരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (ഡി) | യഥാവിധി പൊതുയോഗം കൂടി കണക്കുകൾ അംഗീകരിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ നിയമ പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഈ സഹകരണ സംഘത്തിൽ നിയമാനുസൃതം വാർഷിക പൊതുയോഗം കൂടാത്തതും വരവ് ചെലവ് കണക്ക് അംഗീകരിക്കാത്തതും സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | യഥാവിധി പൊതുയോഗം കൂടി കണക്കുകൾ അംഗീകരിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ നിയമ പ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ